**ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST**
**ANNUAL EXAM**
**CLASS - 8 (YEAR 2021) (Malayalam)**

---

**1) ആഹാബ് രാജാവിന്റെ ഭരണത്തിലെ ന്യൂനതകളെ ചൂണ്ടിക്കാണിച്ച പ്രവാചകൻ ആരാണ്?**

**A) ഏലിയാവ്**
B) നാഥാൻ
C) യിരമ്യാവ്
D) യെശയ്യാവ്

**2) ശൂനേംകാരിയുടെ മകനെ ഉയിർപ്പിക്കുകയും നയമാന്റെ കുഷ്ഠം സൗഖ്യമാക്കുകയും ചെയ്ത പ്രവാചകൻ ആര്?**

A) ഏലിയാവ്
**B) ഏലീശാ**
C) ശമുവേൽ
D) യെശയ്യാവ്

**3) ശലോമോൻ രാജാവിനെ നേതൃത്വത്തിൽനിന്നും ദൈവം മാറ്റി നിർത്തി. കാരണമെന്താണ്?**

A) ശലോമോന്റെ ദാസന്മാർ ശലോമോനോട് മത്സരിച്ചു.
B) ആഭ്യന്തര കലഹങ്ങൾ ഉണ്ടായി.
**C) യഹോവയെ അനുസരിക്കാതെ അന്യദൈവത്തിലേക്ക് ശ്രദ്ധ തിരിച്ചു.**
D) അന്യരാജാക്കന്മാർ ആക്രമിച്ചു.

**4) ന്യായപ്രമാണത്തിൽനിന്നും ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ യഹൂദായിലെ അന്യദേവവിഗ്രഹങ്ങൾ നശിപ്പിച്ച രാജാവ്?**

A) ശലോമോൻ
**B) യോശിയാവ്**
C) യരോബയാം
D) ആഹാബ്

**5) ദൈവഹിതപ്രകാരം ജീവിച്ചപ്പോൾ സമൃദ്ധിയും സുരക്ഷയും ലഭിക്കുകയും ദൈവത്തെ മറന്നപ്പോൾ കുഷ്ഠം പിടിപ്പെടുകയും ചെയ്ത രാജാവ് ആരാണ്?**

A) ഹിസ്കിയാവ്
**B) ഉസ്സിയാവ്**
C) നെബുക്കദ്നേസർ
D) രെഹബെയാം

**6) ബാബേൽ പ്രവാസവുമായി ബന്ധപ്പെട്ട യഹൂദാ രാജാക്കന്മാർ ആരെല്ലാം?**

A) ഉസ്സിയാവ്-നെബുക്കദ്നേസർ
B) നെബുക്കദ്നേസർ-സിദെക്കിയാവ്
C) രെഹബെയാം-യഹോയാക്കീം
**D) സിദെക്കിയാവ്-യഹോയാക്കീം**

**7) കർത്താവിന്റെ മനുഷ്യജീവിതത്തിനുശേഷം അപ്പോസ്തലിക ഗണത്തിലേക്കു ചേർക്കപ്പെട്ട ആൾ?**

A) യോഹന്നാൻ

B) അന്ത്രയോസ്

**C) മത്തിയാസ്**

D) ബർത്തലോമായി

**8) യിസ്രയേൽ മക്കൾക്ക് ദൈവകല്പനകൾ ലഭിച്ചത് അനുസ്മരിച്ച് യഹൂദന്മാർ ആചരിച്ച കൊയ്ത്തിന്റെ ആഘോഷമെന്താണ്?**

A) പെസഹ

**B) പെന്തകോസ്തി**

C) ഹോശാന

D) കൂടാരപ്പെരുന്നാൾ

**9) ആദിമസഭ പ്രതിസന്ധികളെയും പീഢകളെയും അതിജീവിച്ചത് എങ്ങനെ?**

A) ഒരുമിച്ചുള്ള പ്രവർത്തനം

**B) പ്രാർത്ഥനയുടെ ശക്തികൊണ്ട്.**

C) കുടുംബസഭകളുടെ ശൈലികൊണ്ട്.

D) യഹൂദമതത്തിന്റെ വിശ്വാസക്രമങ്ങൾ പരിശീലിച്ചതുകൊണ്ട്.

**10) അപ്പോസ്തലന്മാർ തെരഞ്ഞെടുത്ത ശെമ്മാശന്മാർക്ക് ഉണ്ടായിരുന്ന ഗുണങ്ങൾ ഏതെല്ലാം?**

**i. ആത്മാവിൽ നിറഞ്ഞവർ.**

**ii. ന്യായപ്രമാണത്തെ അനുസരിക്കുന്നവർ.**

**iii. ജ്ഞാനമുള്ളവർ.**

**iv. സാക്ഷ്യമുള്ള ജീവിതമുള്ളവർ.**

**v. ആരാധനയിൽ സഹായിക്കുവാൻ കഴിവുള്ളവർ.**

A) i,ii,iii

**B) i,iii,iv**

C) i,iv,v

D) iii,iv,v

**11) തുബ്ദേനിൽ മാർ സ്തേഫാനോസിനു നൽകിയിരിക്കുന്ന വിശേഷണം എന്താണ്?**

A) ജ്ഞാനവും ആത്മാവും നിറഞ്ഞ സഹദായുമായ.

B) ശുശ്രൂഷകരിൽ പ്രധാനിയും സഹദായുമായ.

C) ശെമ്മാശന്മാരുടെ മുൻഗാമിയും സഹദായുമായ.

**D) ശെമ്മാശന്മാരിൽ പ്രധാനിയും സഹദേന്മാരിൽ മുൻപനുമായ.**

**12) വിജാതീയർക്ക് സഭയിലേക്കു ചേരുവാനുള്ള വാതിൽ തുറന്നുവച്ചത് ആരുടെ പ്രവർത്തനം മൂലമാണ്?**

**A) പത്രോസ്**

B) പൗലോസ്

C) തോമസ്

D) ഫിലിപ്പോസ്

**13) മാലാഖമാരുടെ സ്തുതിപ്പ് വാക്യം-പ്രതിവാക്യമായി ആലപിക്കുന്നതിന്റെ കാരണം?**

A) യെശയ്യാവ് പ്രവാചകന്റെ ദർശനമായതിനാൽ.

**B) മാലാഖമാർ നിരകളായി നിന്ന് ദൈവത്തെ സ്തുതിക്കുന്നു എന്ന പൗരസ്ത്യ ക്രിസ്തീയ ദർശനം.**

C) ആദിമസഭയുടെ വിശ്വാസപ്രമാണമായതിനാൽ.

D) കാർമ്മികർ മാത്രം ശ്രദ്ധയോടെ പ്രാർത്ഥനയിൽ പങ്കാളികളാകുവാൻ.

**14) ത്രിത്വസ്തുതിയോട് ബന്ധപ്പെടാത്ത കാര്യം ചൂണ്ടിക്കാണിക്കുക.**

A) ഓർത്തഡോക്സ് സഭയിലെ പ്രാർത്ഥനകളെല്ലാം ആരംഭിക്കുന്നത് ത്രിത്വസ്തുതിയോടെയാണ്.

B) ഓർത്തഡോക്സ് സഭയിലെ പ്രാർത്ഥനകളെല്ലാം അവസാനിക്കുന്നത് ത്രിത്വസ്തുതിയോടെയാണ്.

C) ത്രിത്വസ്തുതിയിലൂടെ നാം വിശുദ്ധീകരിക്കപ്പെടുന്നു.

**D) നോമ്പുദിവസങ്ങളിൽ ത്രിത്വസ്തുതിയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്.**

**15) നമ്മുടെ സഭയിൽ പ്രത്യേക നമസ്കാരക്രമം തയ്യാറാക്കിയിരിക്കുന്ന നോമ്പുകൾ കണ്ടെത്തുക.**

A) യൽദോ നോമ്പ്, ശ്ലീഹാ നോമ്പ്

B) യൽദോ നോമ്പ്, 50 നോമ്പ്

C) യൽദോ നോമ്പ്, മൂന്നു നോമ്പ്

**D) മൂന്നു നോമ്പ്, 50 നോമ്പ്**

**16) താഴെ കൊടുത്തിരിക്കുന്നവയിൽ നോമ്പുകൊണ്ട് പ്രയോജനമില്ലാതെ വരുന്നത് ചൂണ്ടിക്കാണിക്കുക.**

A) പരദേശികളെ ഭവനത്തിൽ ചേർക്കുക.

B) അന്യായകാര്യങ്ങൾക്ക് പ്രാധാന്യം കൊടുക്കാതിരിക്കുക.

**C) അപ്പം വെടിഞ്ഞ് ഉപവസിക്കുകയും വചനംകൊണ്ട് പാപം ചെയ്യുകയും ചെയ്യുക.**

D) വഞ്ചനയുടെ കെട്ടുകളെ മനസ്സിൽനിന്ന് ഛേദിച്ചുകളയുക.

**17) സൂത്താറ നമസ്കാരത്തിന് ആ പേരു ലഭിക്കാൻ കാരണം?**
**A) ഉറക്കത്തിൽ കർത്താവിന്റെ കാവൽ ലഭിക്കുന്നതിന് ഉള്ള പ്രാർത്ഥനയാണ്.**
B) വ്യക്തികളുടെ ഹൃദയത്തെ സ്പർശിക്കുന്ന പ്രാർത്ഥനയായതുകൊണ്ട്.
C) ഉറക്കത്തിനു മുൻപ് ജീവിതത്തെ ശോധന ചെയ്യുവാൻ സഹായിക്കുന്നതുകൊണ്ട്.
D) സന്തോഷത്തോടെ ദൈവസ്നേഹത്തിന്റെ ശക്തി മനസ്സിലാക്കുന്നതുകൊണ്ട്.

**18) പറുദീസായിലെ മരങ്ങൾക്കിടയിലൂടെ മനുഷ്യൻ നടക്കുന്നത് കണ്ട് സന്തോഷിക്കുന്ന ദൈവത്തെ പരാമർശിക്കുന്ന ഗീതം?**
A) ശുചിയൊടു ശുദ്ധ്യാ ബസ്കുദിശാ...
**B) ദൈവം സൃഷ്ടിച്ചാദത്തെ...**
C) മുടികൾ മുടിഞ്ഞവ...
D) ചാർത്തും നീതിയെ നിൻ...

**19) 'മുടികൾ മുടഞ്ഞവ നിരനിരയായ്..'എന്ന ഗീതത്തിലെ "മുടികൾ" അർത്ഥമാക്കുന്നത് എന്ത്?**
A) തലയിലെ മുടി ഭംഗിയാക്കിയവ
B) ദൈവത്തെ അർത്ഥമാക്കുന്നു.
C) മാലാഖമാരെ സൂചിപ്പിക്കുന്നു.
**D) കിരീടങ്ങളെ സൂചിപ്പിക്കുന്നു.**

**20) താഴെ കൊടുത്തിരിക്കുന്നവയിൽ പരേതർക്കുവേണ്ടിയല്ലാത്ത കുക്കിലിയോനിലെ ഗീതം ഏത്?**
A) മക്കളിലപ്പൻ കൃപ...
B) ചാർത്തും നീതിയെ നിൻ...
C) നാഥാ താവകമിരുലോകം...
**D) വെല്ലും ശത്രുക്കളെ നിന്നാൽ...**

**21) "ഉയിരേകുന്നോൻ രാജാ" എന്ന ഗീതത്തിൽ പ്രതിപാദിക്കുന്നതെന്ത്?**
**A) കർത്താവിന്റെ രണ്ടാം വരവ്.**
B) കർത്താവിന്റെ വിജയസ്ലീബാ
C) വിശുദ്ധന്മാരോടുള്ള മധ്യസ്ഥത
D) കന്യകമറിയാമിനോടുള്ള മധ്യസ്ഥത

**22) യരുശലേം സുന്നഹദോസിന്റെ പ്രധാന ഉദ്ദേശ്യം എന്തായിരുന്നു?**
A) സഭാചരിത്രത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടത് സംബന്ധിച്ച്.
B) സഭ അഭിമുഖീകരിക്കുന്ന പീഢകളെ സംബന്ധിച്ച്
**C) വിജാതീയർ സഭയിലേക്കു ചേരുന്നതു സംബന്ധിച്ച്.**
D) യഹൂദമതത്തിൽനിന്നും വരുന്നവർക്കുള്ള നിയമങ്ങൾ സംബന്ധിച്ച്.

**23) ആദിമസഭ നേരിട്ട പ്രധാന വേദവിപരീതമായിരുന്ന 'മാണിക്കയൻ' ആശയം തിരഞ്ഞെടുക്കുക.**

A) പുത്രൻ പിതാവിനോടു സമനല്ല.

B) യേശുക്രിസ്തുവിൽ വിവിധ സ്വഭാവങ്ങളില്ല. യേശുക്രിസ്തു ഏകനാണ്.

C) ജ്ഞാനത്തിലൂടെ രക്ഷ നേടാനാവും.

**D) ശരീരവും ശാരീരികപ്രവർത്തനങ്ങളും പൂർണമായും തിന്മയാണ്.**

**24) സാർവ്വത്രിക സുന്നഹദോസുകളിൽ രണ്ടാമത്തേത്?**

A) എഫെസൂസ്

B) കൽക്കദൂൻ

C) നിഖ്യാ

**D) കുസ്തന്തിനോപോലീസ്**

**25) വിശ്വാസപ്രമാണം പരിഷ്കരിച്ച് സ്ഥിരപ്പെടുത്തിയ സുന്നഹദോസ് ഏതാണ്?**

A) നിഖ്യാ

B) എഫെസൂസ്

**C) കുസ്തന്തിനോപോലീസ്**

D) കൽക്കദൂൻ

**26) സഭയിലെ പീഢനങ്ങളോട് ഒരു വിശ്വാസിയുടെ നല്ല പ്രതികരണമായി കാണാവുന്ന കാര്യം?**

A) പീഢനങ്ങളുടെ സാഹചര്യങ്ങളിൽനിന്ന് മാറിനിൽക്കുക.

B) സത്യവിശ്വാസത്തിനു മാറ്റം വരുത്തുക.

**C) സത്യവിശ്വാസത്തിൽ ഉറച്ച് ദൈവത്തിൽ അഭയം പ്രാപിക്കുക.**

D) പീഢകൾക്കെതിരെ ആയുധമെടുക്കുക.

**27) 'ത്രിസായ്' എന്ന വാക്കിന്റെ അർത്ഥം എന്താണ്.**

A) ത്രിത്വവുമായി ബന്ധപ്പെട്ടത്

B) ത്രിത്വത്തിൽ അധിഷ്ഠിതമായത്

**C) സത്യമായത്**

D) ഇവയിൽ ഒന്നും ശരിയല്ല.

**28) മലങ്കരയിൽ മാർത്തോമ്മൻ പാരമ്പര്യം കൂടുതൽ ശക്തമാക്കുന്നതിനു കാരണമായതെന്ത്?**

**A) പേർഷ്യൻ കുടിയേറ്റം.**

B) കുസ്തന്തീനോസ് ചക്രവർത്തിയുടെ മാനസാന്തരം.

C) റോമൻ സാമ്രാജ്യത്തിലെ മതസ്വാതന്ത്ര്യം.

D) ചെപ്പേടുകൾ ലഭിച്ചത്.

**29) ക്രൈസ്തവർക്ക് 72 ജന്മിത്വ അധികാരങ്ങൾ നൽകപ്പെട്ട ചെപ്പേട്?**
**A) തരീസാപള്ളി ചെപ്പേട്**
B) ഇരവികോർത്തൻ ചെപ്പേട്
C) ക്നായിത്തൊമ്മൻ ചെപ്പേട്
D) മാർതോമ്മൻ ചെപ്പേട്

**30) ആരാണ് നിത്യജീവന് അവകാശികളാകുന്നത്?**
A) ഉപവസിക്കുന്നവർ.
B) പെരുന്നാൾ ആചരിക്കുന്നവർ.
**C) യേശുക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ ഭക്ഷിക്കുന്നവർ.**
D) സാമൂഹിക സേവനം നടത്തുന്നവർ.

**31) ഏദനിലെ കനിയും മൽകീസദേക്കിന്റെ കാഴ്ചയും എന്തിന്റെ മുൻകുറിയാണ്?**
A) ഉപവാസം
B) പ്രാർത്ഥന
**C) വി. കുർബാന**
D) ദുഃഖവെള്ളി

**32) കർമ്മേൽ മലയിലെ ബലി, നിത്യമഹാപുരോഹിതൻ, ദേവാലയത്തിലെ കാഴ്ചയപ്പം എന്നീ ആശയങ്ങളുമായി ബന്ധപ്പെട്ട ശരിയായ പേരുകൾ ഉള്ള ഗ്രൂപ്പ് തെരഞ്ഞെടുക്കുക.**
A) ദാവീദ്, യിസ്ഹാക്ക്, ശലോമോൻ
**B) മൽക്കീസദേക്ക്, ദാവീദ്, ഏലിയാവ്**
C) ഏലിയാവ്, ശലോമോൻ, ശമുവേൽ
D) ദാവീദ്, ശമുവേൽ, യിസ്ഹാക്ക്

**33) സഭാവിശ്വാസം സംരക്ഷിച്ചിട്ടുള്ള പിതാക്കന്മാരെ സ്മരിക്കുന്നത് എത്രാമത്തെ തുബ്ദേനിലാണ്?**
A) രണ്ട്
B) മൂന്ന്
C) നാല്
**D) അഞ്ച്**

**34) അറിവിലും പരിചയത്തിലും ക്ലേശങ്ങൾ അനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് എത്രാമത്തെ തുബ്ദേനിലാണ്?**

<u>**A) രണ്ട്**</u>

B) മൂന്ന്

C) നാല്

D) ഇത്തരം ഒരു പ്രാർത്ഥന വിശുദ്ധ കുർബാനയിൽ ഇല്ല.

**35) മാമോദീസായിൽകൂടി ഒരു വ്യക്തിക്കു ലഭിക്കുന്ന നൽവരങ്ങളിൽ ഉൾപ്പെടാത്തത് തെരഞ്ഞെടുക്കുക.**

A) ദൈവത്തിന്റെ മകൻ/മകൾ ആയി ജനിക്കുന്നു.

<u>**B) ഏതു വിശ്വാസവും സ്വീകരിക്കാൻ അനുവാദം**</u>

C) പരിശുദ്ധാത്മാവിന്റെ ആലയമായിത്തീരുന്നു.

D) പാപത്തിൽനിന്നു വീണ്ടെടുക്കപ്പെടുന്നു.

**36) 'കാക്കുക നാ-ഥാ സ്ലീബായാൽ' എന്നാരംഭിക്കുന്ന ഗീതം ഉപയോഗിക്കുന്ന സന്ദർഭം ഏതാണ്?**

A) വിശുദ്ധ കുർബാന

B) വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥന

<u>**C) വിശുദ്ധ മാമോദീസാ**</u>

D) സ്ലീബാ ആരാധന.

**37) 'പിള്ള എന്റെ ഗർഭത്തിൽ ആനന്ദംകൊണ്ട് തുള്ളി' എന്ന എലിസബേത്തിന്റെ വാക്യം ഉപയോഗിക്കാവുന്ന വേദശാസ്ത്രവിഷയം തെരഞ്ഞെടുക്കുക.**

A) ശിശുക്കളുടെ മധ്യസ്ഥത

B) തൈലാഭിഷേകം

C) ശിശുക്കളുടെ വിദ്യാഭ്യാസം

<u>**D) ശിശുക്കളുടെ മാമോദീസ**</u>

**38) 1 പത്രോസ് 4:6 ന്റെ അടിസ്ഥാനത്തിൽ ആരാണ് ദൈവപുത്രനെ കേട്ടു മനം തിരിയുവാൻ സാധിക്കുന്ന അവസ്ഥയിലുള്ളത്?**

<u>**A) വാങ്ങിപ്പോയവർ**</u>

B) വിശുദ്ധന്മാർ

C) സന്ന്യാസികൾ

D) ജീവനുള്ളവർ

**39) യേശുക്രിസ്തുവാണ് ഏക മധ്യസ്ഥൻ എന്ന പ്രസ്താവനയോടു യോജിക്കാത്തത് തെരഞ്ഞെടുക്കുക.**

A) പരസ്പരം പ്രാർത്ഥിക്കുന്നത് യേശുക്രിസ്തുവിലൂടെ ദൈവസന്നിധിയിൽ എത്തുന്നു.

B) യേശുവിനോടുള്ള പ്രാർത്ഥനകൾ ദൈവസന്നിധിയിൽ എത്തുന്നു.

**C) യേശുവിന്റെ മധ്യസ്ഥത ഉള്ളതുകൊണ്ട് നമ്മൾ എന്തു തെറ്റു ചെയ്താലും സാരമില്ല. എല്ലാ തെറ്റുകളും ക്ഷമിക്കപ്പെടും.**

D) യേശുക്രിസ്തു മുഖാന്തരം ദൈവവും മനുഷ്യനും ഐക്യപ്പെടുന്നു.

**40) പൗരസ്ത്യസഭകൾ "ദൈവശാസ്ത്രജ്ഞൻ" എന്ന പേരു നൽകി ആദരിക്കുന്ന രണ്ടു വ്യക്തികൾ.**

A) വി. യോഹന്നാൻ ശ്ലീഹാ, വലിയ മാർ ബസേലിയോസ്

B) വലിയ മാർ ബസേലിയോസ്, നാസിയാൻസിലെ ഗ്രിഗോറിയോസ്

**C) നാസിയാൻസിലെ ഗ്രിഗോറിയോസ്, വി. യോഹന്നാൻ ശ്ലീഹാ.**

D) നിസ്സായിലെ ഗ്രിഗോറിയോസ്

**41) തൊഴിയൂർ മെത്രാപ്പോലിത്തായിൽനിന്ന് മേൽപ്പട്ടസ്ഥാനം സ്വീകരിച്ച മെത്രാനാര്?**

A) പരുമല തിരുമേനി.

**B) പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ.**

C) വട്ടശ്ശേരിൽ തിരുമേനി.

D) പാമ്പാടി തിരുമേനി

**42) ആദ്യമായി മലങ്കരയിൽ എത്തിയ അന്ത്യോഖ്യ പാത്രിയർക്കീസ്?**

A) മാർ അബ്ദുള്ളാ

**B) പത്രോസ് തൃതീയൻ**

C) അബ്ദുൽ മിശിഹാ

D) ഏലിയാസ് തൃതീയൻ

**43) മലങ്കര സഭയിൽ സൺഡേസ്കൂൾ, ബ്രഹ്മവാർ മിഷൻ എന്നിവ ആരംഭിക്കുന്നത് ആരുടെ കാലത്താണ്?**

A) ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവ

B) പാമ്പാടി തിരുമേനി

**C) പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി**

D) മാർത്തോമ്മാ ആറാമൻ

**44) ''കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കണം'' എന്ന വാക്യം ഏതു വിഷയവുമായി ബന്ധപ്പെട്ടതാണ്?**

A) പരിസ്ഥിതി സംരക്ഷണം.

**B) പൗരധർമ്മം**

C) വിനയം

D) കാരുണ്യപ്രവർത്തികൾ

**45) വായനാശീലംകൊണ്ട് ലഭ്യമാകുന്നതിൽ സമൂഹനന്മയ്ക്ക് ഉപകാരപ്പെടുന്ന കാര്യം ഏതാണ്?**

A) മൂല്യബോധം നഷ്ടമാകുന്നു.

B) നന്മയുള്ള മനസ്സ് നഷ്ടമാകുന്നു.

C) മറ്റുള്ളവരെ കീഴടക്കുവാനും പ്രശസ്തി വർദ്ധിപ്പിക്കുവാനും കഴിയുന്നു.

**D) നല്ല ജീവിതത്തിലേക്കുള്ള വഴികാട്ടിയാകുന്നു.**

**46) വേദപുസ്തകവായനകൊണ്ട് കൗമാരപ്രായത്തിൽ മനസ്സിനെ നിയന്ത്രിക്കുവാൻ സഹായിക്കുന്ന പ്രയോജനം തെരഞ്ഞെടുക്കുക.**

A) ആകുല ചിന്തകൾ കൂടുന്നു.

**B) വിശ്വാസവും ധൈര്യവും വർദ്ധിപ്പിക്കാം.**

C) പ്രലോഭനങ്ങൾക്കു കീഴടങ്ങുന്നു.

D) ഇതരമതങ്ങളോടുള്ള വിദ്വേഷം.

**47) സമയത്തിന്റെ ശരിയായ ഉപയോഗവുമായി ബന്ധപ്പെടുന്ന വാചകം കണ്ടെത്തുക.**

A) സാധ്യമല്ല എന്നു പറയാൻ കഴിയുന്നില്ല.

B) എല്ലാവർക്കും ലഭിക്കുന്ന സമയം വ്യത്യസ്ഥമാണ്.

C) നീട്ടിവയ്ക്കുന്ന സ്വഭാവം ശീലിക്കുക.

**D) മറ്റുള്ളവരുടെ പ്രവർത്തനങ്ങളിൽ കൈകടത്താതിരിക്കുക.**

**48) വാങ്ങിപ്പോയവർക്കുവേണ്ടി നാം പ്രാർത്ഥിക്കുന്ന ഒരു ഗീതത്തിന്റെ അർത്ഥമാണ് താഴെ കൊടുത്തിരിക്കുന്നത്. ഇതിലെ വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുവാൻ അനുയോജ്യമായ വാക്കുകൾ തെരഞ്ഞെടുക്കുക.**
**നിന്റെ .................. ശരണപ്പെട്ടുകൊണ്ട് മരണമടഞ്ഞിട്ടുള്ള നിന്റെ .......................... നിന്റെ ജീവൻ നൽകുന്ന സ്വരം കബറിൽനിന്നും ഉയർത്തി ................................ പ്രവേശിക്കുമാറാകണമെ.**

**i. സഹായത്തിൽ**
**ii. മക്കളെ**
**iii. കൃപയിൽ**
**iv. കുഞ്ഞാടുകളെ**
**v. ദാസരെ**
**vi. സന്തോഷത്തിൽ**
**vii. പറുദീസയിൽ**

A) i,iv,vi
B) ii,iv,v
**C) iii,v,vii**
D) ii,iv,vi

**49) ഉറക്കത്തിനു മുൻപുള്ള ധ്യാനത്തിന്റെ പ്രത്യേകത?**
A) ജീവിതംതന്നെ ശോധന ചെയ്യാം
B) തെറ്റുകളെ ഏറ്റുപറയുക.
C) നന്മകൾക്കു നന്ദി പറയുക.
**D) എല്ലാം ശരിയാണ്.**

**50) നാലാം തുബ്ദേനിൽ ആരെയാണ് പ്രത്യേകമായി ഓർക്കുന്നത്?**
A) ഭരണകർത്താക്കൾ.
B) സഭാ പിതാക്കന്മാർ.
C) ക്ലേശത്തിലുള്ളവർ.
**D) വാങ്ങിപ്പോയ പരിശുദ്ധന്മാർ.**